**Desabhimani**

**27 August 2018**

**Malappuram, Heavy Rain**

റെക്കോഡ് മഴ

# ഡാമില്ലാത്ത മലപ്പുറത്ത് പേമാരി കവർന്നത് 47 ജീവൻ

മലപ്പുറം

ഡാമുകളില്ലാത്ത മലപ്പുറം ജില്ലയിൽ പ്രളയത്തിനും ഉരുൾപൊട്ടലിനും വഴിവച്ചത് തുടർച്ചയായ പേമാരി. ഡാമുകൾ തുറന്നുവിട്ടതാണ് വെള്ളപ്പൊക്കത്തിനിടയാക്കിയതെന്ന പ്രചാരണം തള്ളിക്കളയുന്നതാണിത്. ജില്ലയിൽ ഇത്തവണ റെക്കോഡ് മഴയാണ് പെയ്തത്. മലയോരത്ത് ആഗസ്റ്റ് എട്ടിനുമാത്രം 39.8 സെന്റീമീറ്റർ മഴ പെയ്തു. ഇതിനുമുമ്പ് 32 സെന്റീമീറ്ററാണ് നിലമ്പൂർ മേഖലയിൽ പെയ്ത ഉയർന്ന മഴ. 1942 ലായിരുന്നു ഇത്.

മെയ് 29 മുതൽ ആഗസ്ത് 20 വരെ ഏഴ് താലൂക്കുകളിലായി മരിച്ചത് 47 പേരാണ്. മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും മാത്രം 25 ജീവൻ ഒരാഴ്ചക്കിടെ പൊലിഞ്ഞു. കൂടുതൽ പേർ മരിച്ചത് കൊണ്ടോട്ടി താലൂക്കിലാണ്- 13 പേർ. തിരൂർ- രണ്ട്, ഏറനാട്- 12, തിരൂരങ്ങാടി- അഞ്ച്, പെരിന്തൽമണ്ണ- രണ്ട്, പൊന്നാനി-രണ്ട്, നിലമ്പൂർ- 11 എന്നിങ്ങനെയാണ് മരിച്ചവരുടെ എണ്ണം. ഒരാളെ കാണാതായി. വിവിധ ഘട്ടങ്ങളിൽ 28,398 പേരെ അപകടത്തിൽനിന്ന് രക്ഷപ്പെടുത്തി. 2057.92 മില്ലീമീറ്റർ മഴയാണ് 20 വരെ ലഭിച്ചത്. 116 വില്ലേജുകളിലായി 12.5 ലക്ഷം പേർ കെടുതി അനുഭവിക്കുന്നു. നിലമ്പൂർ താലൂക്കിലെ ആകെയുള്ള 21 വില്ലേജുകളിലും ഏറനാട് താലൂക്കിലെ 23 വില്ലേജിലും പ്രളയക്കെടുതി ബാധിച്ചു.

നിലമ്പൂർ, ഏറനാട്, കൊണ്ടോട്ടി താലൂക്കുകളിൽ മണ്ണിടിച്ചിലുമുണ്ടായി. 540 വീട് പൂർണമായും 4241 വീടുകൾ ഭാഗികമായും തകർന്നു. 21,94,75,042 രൂപയുടെ നഷ്ടം. പക്ഷിമൃഗാദികൾ ചത്തൊടുങ്ങിയ വകയിൽ 1,60,43,326 രൂപ നഷ്ടവുമുണ്ടായി. വൻ കൃഷിനാശവും രേഖപ്പെടുത്തി. കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ നന്നാക്കാൻ ഏകദേശം 383.6 കോടി രൂപ വേണ്ടിവരും.